പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7285 — 16.7.2012 ൽ മറുപടിയ്ക്ക്

## ചാരിറ്റബിൾ സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നിയമം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുല്ലക്കര രത്നാകരൻ : | ശ്രീ.അനൂപ് ജേക്കബ്ബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ചാരിറ്റബിൾ സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള നിയമം കാലാനുസൃതമായി പുതുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (എ) നിലവിൽ സംസ്ഥാനത്ത്, സൊസൈറ്റി രജിസ്ട്രേഷൻ ആക്ട്, 1860, തിരുവിതാംകൂർ - കൊച്ചി സാഹിത്യ ശാസ്ത്രീയ ധാർമ്മിക സംഘങ്ങൾ രജിസ്റ്ററാക്കൽ നിയമം, 1955 എന്നീ രണ്ടു നിയമങ്ങളാണ്, സൊസൈറ്റി രജിസ്ട്രേഷനുവേണ്ടി നിലവിലുള്ളത്. ടി രണ്ടു നിയമങ്ങളും ഏകീകരിച്ചുകൊണ്ടുള്ള നിയമം ഉണ്ടാകേണ്ടത് വളരെ അനിവാര്യമാണെന്ന് കണ്ടതിനാൽ, ഏകീകരിച്ച കേരള സൊസൈറ്റി രജിസ്ട്രേഷൻ നിയമത്തിന്റെ കരട് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) ഇപ്പോൾ ആകെ എത്ര ചാരിറ്റബിൾ സൊസൈറ്റികളാണ് നിലവിലുള്ളത് ; ഇവയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാണോ ? | (ബി) ഇപ്പോൾ ആകെ 3,78,192 ചാരിറ്റബിൾ സൊസൈറ്റികളാണ് നിലവിലുള്ളത്, ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം - 68298<br>2. കൊല്ലം - 33890<br>3. ആലപ്പുഴ - 30900<br>4. കോട്ടയം - 24988 |

5. പത്തനംതിട്ട - 17535

6. ഇടുക്കി - 16639

7. എറണാകുളം - 30915

8. തൃശ്ശൂർ - 27158

9. പാലക്കാട് - 22059

10. മലപ്പുറം - 23889

11. കോഴിക്കോട് - 28628

12. വയനാട് - 12154

13. കണ്ണൂർ - 27392

14. കാസർഗോഡ് - 13747

സെക്ഷൻ ഓഫീസർ